## പതിമൂന്നാം കേരള നിയമസഭ
### പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4164** **16-12-2014 ലെ മറുപടിയ്ക്ക്**

**<u>അന്യസംസ്ഥാന ലോട്ടറി മാഫിയ</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ഡോ. ടി.എം.തോമസ് ഐസക്**<br>**ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ**<br>**ശ്രീ. ബി.ഡി.ദേവസ്സി**<br>**ശ്രീ. സാജു പോൾ** | **ശ്രീ. കെ.എം. മാണി**<br>**ധനകാര്യവും നിയമവും**<br>**ഭവനനിർമ്മാണവും വകുപ്പമന്ത്രി)** |
| **(എ)** സംസ്ഥാനത്ത് അന്യസംസ്ഥാന ലോട്ടറികൾ വില്പന നടത്തുന്നതിനുള്ള സജീവ നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | **(എ)** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഗോവ, നാഗാലാന്റ്, മിസോറാം എന്നീ സംസ്ഥാനങ്ങളുടെയും ബോഡോലാന്റ് ടെറിട്ടോറിയൽ കൗൺസിലിന്റെയും ലോട്ടറികളുടെ രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ ഗോവ, നാഗാലാന്റ് എന്നീ ലോട്ടറികളുടെ രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. ബോഡോലാന്റ് ടെറിട്ടോറിയൽ കൗൺസിൽ, മിസോറാം എന്നിവയുടെ അപേക്ഷകൾ ലോട്ടറി നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധനയിലാണ്. |
| **(ബി)** ലോട്ടറി തട്ടിപ്പ് നടത്തി വിവാദത്തിലായ വ്യക്തി ബിനാമിയായി അന്യസംസ്ഥാന ലോട്ടറി സംസ്ഥാനത്ത് വിറ്റഴിക്കുന്നതിന് നടത്തുന്ന നീക്കമാണ് ഇതിനു പിന്നിലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ; | **(ബി)** പരിശോധിച്ചിട്ടുണ്ട്. |

**(സി)** അന്യ സംസ്ഥാന ലോട്ടറി വിൽപന സംബന്ധിച്ച പ്രശ്നത്തിൽ കേന്ദ്ര സർക്കാർ ഹിയറിംഗ് നടത്തുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ ;

**(ഡി)** എങ്കിൽ ഇക്കാര്യത്തിൽ എന്ത് നിലപാടാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**(സി) & (ഡി)** സിക്കിം ലോട്ടറി കേരളത്തിൽ നിരോധിച്ചതിനെതിരെ പ്രൊമോട്ടർ, ഗോഹട്ടി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കോടതിയുടെ ജൂറിസ്ഡിക്ഷനിൽ വരുന്നതല്ലാത്തതിനാൽ കേസ് തള്ളുകയും ചെയ്തതിനെത്തുടർന്ന് ഡൽഹി ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള W.P.(C) No. 7768/2012 - ന്മേൽ ബഹു. കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റിൽനിന്ന് കേരള ഗവൺമെന്റിന് ഹിയറിംഗിനായി നോട്ടീസ് ലഭിച്ചിട്ടുണ്ട്. സിക്കിം ലോട്ടറി പ്രമോട്ടർമാർ കേരളത്തിൽ നടത്തിയിട്ടുള്ള നിയമ വിരുദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സി.ബി.ഐ. ചാർജ്ജ് ഷീറ്റ് ഫയൽ ചെയ്തിട്ടുള്ള കേസ്സുകളിൽ കോടതി അന്തിമ വിധി പുറപ്പെടുവിക്കുന്നതുവരെ, സിക്കിം ലോട്ടറിക്ക് കേരളത്തിൽ പ്രവർത്തിക്കുന്നതിന് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിരോധനം നീട്ടിക്കിട്ടണമെന്ന് കേരള സർക്കാർ സ്വീകരിച്ചുവരുന്ന നിലപാടാണ് ഇക്കാര്യത്തിലും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്.

| | |
|---|---|
| **(ഇ)** അന്യസംസ്ഥാന ലോട്ടറി മാഫിയകൾക്ക് സംസ്ഥാനത്ത് കടന്നുവരാൻ അവസരം ലഭിച്ചാൽ സംസ്ഥാന ലോട്ടറിയെ ഏതെല്ലാം തരത്തിൽ പ്രതികൂലമായി ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ? | **(ഇ)** പരിശോധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.